## പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5118 — 28.10.2016 -ൽ മറുപടിക്ക്

### വഖഫ് ബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ഡോ.കെ.റ്റി.ജലീൽ<br>( തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് &ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |
| (എ) കേരളത്തിൽ വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത എത്ര പള്ളികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ ആകെ 9104 വഖഫ് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്യാത്ത എത്ര പള്ളികളുണ്ടെന്നും എല്ലാ പള്ളികളും വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്യണമെന്നുണ്ടോയെന്നും വിശദമാക്കാമോ; | (ബി) വഖഫ് നിയമപ്രകാരമുള്ള സർവ്വേ പൂർത്തിയായാൽ മാത്രമേ യഥാർത്ഥ സ്ഥിതി വിവര കണക്കുകൾ ലഭിക്കുകയുള്ളൂ.. വഖഫ് നിയമം വകുപ്പ് 36 പ്രകാരം എല്ലാ വഖഫുകളും ബോർഡ് മുമ്പാകെ രജിസ്റ്റർ ചെയ്യേണ്ടതാണ്. |
| (സി) വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തും ചെയ്യാതെയും പ്രവർത്തിക്കുന്ന പള്ളികൾ തമ്മിൽ നിയമപരമായി എന്ത് വ്യത്യാസമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) എല്ലാ വഖഫുകളും ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതും രജിസ്റ്റർ ചെയ്യാത്ത വഖഫുകളുടെ മുതവല്ലിമാരെ വഖഫ് നിയമം 61 പ്രകാരം പ്രോസിക്യൂട്ട് ചെയ്യാവുന്നതുമാണ്. ബോർഡിന്റെ നിർദ്ദേശം പാലിക്കാതെ രജിസ്റ്റർ ചെയ്യാതിരുന്നാൽ 6 മാസം തടവും 10000/- രൂപയും പിഴയും ചുമത്താവുന്ന കുറ്റവുമാണ്. വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫുകൾക്ക്, വഖഫ് നിയമപ്രകാരമുള്ള പരിരക്ഷ ലഭിക്കുകയും വഖഫ് ബോർഡിൽ നിന്നും സർക്കാരിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്യുന്നു. |
| (ഡി) വഖഫ് ബോർഡിൽ നിന്നും പള്ളികൾക്കും മദ്രസ്സകൾക്കും ജീവനക്കാർക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) വഖഫ് ബോർഡിൽ നിന്നും മദ്രസക്കും പള്ളികൾക്കും പ്രത്യേകം ആനുകൂല്യം ഇല്ല. എന്നാൽ പള്ളി, മദ്രസ ജീവനക്കാർക്കുള്ള പ്രതിമാസ ധനസഹായം വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതി മുഖേന നൽകുന്നുണ്ട്. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫ് സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുള്ളവർക്കും 10 വർഷക്കാല സേവനം അനുഷ്ഠിച്ചിട്ടുള്ളവരും 60 വയസ്സിന് മുകളിൽ പ്രായമുള്ളവരും 50,000/- രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരും ആയിട്ടുള്ള അപേക്ഷകർക്കാണ് ടി ആനുകൂല്യം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ